# കോക്കനട്ട് നീര ബോർഡ് രൂപീകരിക്കാൻ തീരുമാനം

തിരുവനന്തപുരം: സംസ്ഥാനത്ത് കോക്കനട്ട് നീര ബോർഡ് രൂപീകരിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. നാളികേര വികസന കോർപറേഷൻ മുൻകൈയെടുത്ത് രൂപീകരിച്ച 173 ഫെഡറേഷനുകളിൽ 16 എണ്ണത്തിന് നീര ഉൽപാദിപ്പിക്കാൻ ലൈസൻസ് നൽകിയിട്ടുണ്ട്. കൂടുതൽ ഫെഡറേഷനുകൾക്ക് ആവശ്യാനുസരണം ലൈസൻസ് നൽകാൻ എക്സൈസ് വകുപ്പിന് നിർദേശം നൽകിയതായി മന്ത്രിസഭാ യോഗതീരുമാനങ്ങൾ വിശദീകരിച്ച മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു.

നീര ഉൽപാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ മാറ്റിവെച്ച 15 കോടി രൂപയിൽ 13.2 കോടി രൂപ നീര ഉൽപാദക കമ്പനികൾക്ക് ഗ്രാന്റായി വിതരണം ചെയ്യും. നിലവിലുള്ള പതിനൊന്നു കമ്പനികൾക്ക് 50 ശതമാനം ഗ്രാന്റെന്ന നിലയിൽ പരമാവധി ഒന്നരക്കോടി രൂപ നൽകും. ബജറ്റ് വിഹിതത്തിൽ 1.8 കോടി രൂപ, ഇത് സംബന്ധിച്ച ഗവേഷണത്തിനും മറ്റുമായി നേരത്തേ കാർഷിക സർവകലാശാലക്ക് നൽകിയിരുന്നു. നീര ഉൽപാദിപ്പിക്കാനുള്ള ലൈസൻസ് നൽകാനും മറ്റ് ഭരണപരമായ കാര്യങ്ങളും എക്സൈസ് വകുപ്പിന്റെ കീഴിലും കർഷകരുടെയും ഫെഡറേഷനുകളുടെയും കമ്പനികളുടെയും കാര്യങ്ങൾ കൃഷിവകുപ്പിനു കീഴിലും ആയിരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അടച്ചിട്ട പെരുമ്പാവൂർ റയോൺസ് കമ്പനി ഏറ്റെടുക്കാനും മന്ത്രിസഭ തത്വത്തിൽ തീരുമാനിച്ചു. വിവിധ ഇനത്തിൽ 71 കോടിയിൽപരം രൂപ ബാധ്യതയുള്ള കമ്പനി ഏറ്റെടുത്ത് കിൻഫ്രയെ ഏൽപിക്കാനാണ് തീരുമാനം. ബാങ്കുകൾക്ക് 19.45 കോടിയും ധനകാര്യ സ്ഥാപനങ്ങൾക്ക് 16.78 കോടിയും തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടിനത്തിൽ 4.5 കോടിയും ശമ്പള കുടിശിക ഇനത്തിൽ 29.6 കോടിയുമാണ് കമ്പനിയുടെ ബാധ്യത. ഇതിനുപുറമേ ഹൈക്കോടതിയിൽ കേസുകളും നിലനിൽക്കുന്നുണ്ട്. അതിനാൽ ഹൈക്കോടതി അനുമതിയോടെയായിരിക്കും ഏറ്റെടുക്കുക.

എഫ്.എ.സി.ടിയുടെ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി വാറ്റ് ഒഴിവാക്കി നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ സാങ്കേതിക പ്രശ്നമുണ്ടെങ്കിലും വാറ്റുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായം നൽകാൻ തത്വത്തിൽ തീരുമാനിച്ചു. കെ.എസ്.ടി.പിയിൽ ചെങ്ങന്നൂർ കല്ലിശേരി പാലവും പുത്തൻ വീട്ടിൽപ്പടി പാലവും നിർമിക്കും. ചെങ്ങന്നൂർ–ഏറ്റുമാനൂർ റോഡ് റീടെൻഡർ ചെയ്യുമെന്നും മുഖ്യമന്ത്രി അറിയിച്ചു.